# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2421

12.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദന ചെലവും

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.ജോർജ് എം. തോമസ്
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.വി. ജോയി

**മറുപടി**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2) തീറ്റപ്പുൽകൃഷി വികസന പദ്ധതി
3) ഹീഫർ പാർക്ക്
4) ക്ഷീരകർഷകർക്കായി അവശ്യാധിഷ്ഠിത ധനസഹായം
5) കാലിത്തീറ്റ സബ്സിഡി
6) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
7) പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
8) ക്ഷീരകർഷകർക്കുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
9) സമഗ്ര ഇൻഷുറൻസ് പദ്ധതി
10) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ
11) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകട മരണ ധനസഹായം, ചികിത്സ സഹായം, ക്ഷീരകർഷക അവാർഡ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നു.

(ബി) ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും അവർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് സാന്ദ്രീകൃത കാലിത്തീറ്റയുടെ അളവ് കുറച്ച് പുല്ലും, പ്രാദേശിക തീറ്റ വിളകളുടേയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

പുൽകൃഷി ചെയ്യുന്നതിന് ഒരു ഹെക്ടർ സ്ഥലത്തിന് 21,500/- രൂപ സബ്സിഡി നൽകുന്നു. കൂടാതെ

സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തി, തീറ്റപ്പുല്ല് ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ അസോള, കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനും സഹായം നൽകുന്നുണ്ട്. വയ്ക്കോൽ, കാലിത്തീറ്റ എന്നിവ സംഘം മുഖേന വിപണനം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പാലിലുള്ള മൊത്തം ഖരപദാർത്ഥങ്ങളുടെ അടിസ്ഥാനത്തിൽ (Fat + SNF) കർഷകർക്ക് കൃത്യമായ വില ലഭിക്കുന്നുവെന്ന് ഉറപ്പ വരുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തിയും ബഹുഭൂരിഭാഗം പഞ്ചായത്തിലും 4 രൂപ വരെ ഒരു ലിറ്റർ പാലിന് അധിക വിലയും ലഭ്യമാക്കുന്നുണ്ട്.

ഗുണനിലവാരത്തിനനുസരിച്ച് പാൽ വില ലഭിക്കുന്നില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പരിഹാരം കാണുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ ആട്ടോമേഷൻ നടത്തി സംഭരണവും വില നിർണ്ണയവും സുതാര്യമാക്കിയിട്ടുണ്ട്.

(സി) പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് എന്തെല്ലാം പരിശീലന പരിപാടികളാണ് ക്ഷീര കർഷകർക്കായി ഈ സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

(സി) ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേനയും ക്ഷീര വികസന യൂണിറ്റുകൾ നേരിട്ടും ക്ഷീര സംഘങ്ങളിൽ വെച്ചും കർഷകർക്ക് സൗകര്യ പ്രദമായ മറ്റു സ്ഥലങ്ങളിൽ വെച്ചും പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ നിരന്തരം സംഘടിപ്പിക്കുന്നുണ്ട്.

കൂടാതെ പാലിന്റെ സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനും ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ത്രൈമാസിക ഗുണനിലവാര യജ്ഞം സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ക്ഷീരകർഷകർക്കും ക്ഷീരസംഘം ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**